


# ലിറ്റിൽ കൈറ്റ്സ്   2018-19

## ബി.എ.ആർ.എച്ച്. എസ്  ബോവിക്കാനം

# മുന്നോട്ട്



# പത്രാധിപ സമിതി

ചീഫ് എഡിറ്റർ-ഹെഡ് മാസ്റ്റർ

സ്റ്റാഫ് എഡിറ്റർ : പ്രശാന്ത് മാസ്റ്റർ

സ്റ്റുഡന്റ് എഡിറ്റർ : ഫാത്തിമത്ത് നസ്റിയ എ എം

പത്രാധിപ സമിതി അംഗങ്ങൾ : ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# ആമുഖം

2018-19 വർഷത്തിലെബി.എ.ആർ.എച്ച്.എസ്ബോവിക്കാനം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഡിജിറ്റൽമാഗസിൻനിർമ്മാണം.ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ ഒരു പ്രധാനപ്പെട്ട പ്രവർത്തനമാണ് ഈ ഡിജിറ്റൽ മാഗസിൻ. സ്കൂളിലെ എല്ലാ ക്ലാസിലേയുംകുട്ടികളുടെയുംഅധ്യപകരുടെയും സൃഷ്ടികൾ ഉൾക്കൊള്ളിച്ചതാണ് ഞങ്ങളുടെമാഗസിൻ. എല്ലാവരും ശേഖരിച്ചതും സ്വയംരൂപകൽപ്പനചെയ്തതുമായ കഥകൾ, കവിതകൾ, ലേഖനങ്ങൾ, ശാസ്ത്രക്കുറിപ്പുകള, അനുഭവക്കുറിപ്പുകൾ ചിത്രങ്ങൾ, ഉപന്യാസംയാത്രാവിവരണം തുടങ്ങിയവ ഉൾക്കൊള്ളിച്ചാണ് കൈറ്റ് അംഗങ്ങൾ ഈ മാഗസിൻ നിർമ്മിച്ചിരിക്കുന്നത്. ലിറ്റിൽ കൈറ്റ് അംഗങ്ങൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ മറ്റുള്ളവർക്ക് വിജ്ഞാനം നൽകുന്നതിന് സഹായകമാകട്ടെ എന്ന് പ്രതീക്ഷിക്കുന്നു.

# ആശംസകൾ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാ റാക്കിയ ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്,

**അരവിന്ദാക്ഷൻ നമ്പ്യാർ**

ഹെഡ് മാസ്റ്റർ - ബി എ ആർ എച്ച് എസ് ബോവിക്കാനം

## ഉള്ളടക്കം


## Table of Contents

കേരളം.....8
മഴയ്ക്കെടുതിയിലെ അതിജീവനം.....9
വെള്ളത്തിലാഴ്ത്തിയ പ്രളയം.....11
മഴക്കാലം.....13
പ്രളയം- നവകേരള നിർമാണം.....14
അവൾ തന്ന ദുരന്തം.....16
മഴപെയ്തതിനിടയിൽ.....17
മഴ പെയ്തതിനിടയിലെ കരച്ചിൽ.....18
ഉള്ളുതുറക്കാൻ ബ്ലോഗുകൾ.....19
അകലെ നിന്നൊരു രോദനം.....20
കാർമുകിലിന്റെ നൊമ്പരം.....22
വ്യയാമം ചെയ്തും വൈദ്യുതി ഉണ്ടാക്കാം.....25
പ്രളയം- നവകേരള നിർമാണം.....26
കേരളം ഇന്ന്.....28
പ്രകതിയുടെ മുന്നിലെ തോൽവി.....29
സ്മാർട്ട് ഫോൺ ബാറ്ററികളിൽ നിന്ന്.....30
നൂറിലേറെ വിഷവാതകങ്ങൾ.....30
കരയിച്ച മഴ.....31
മനസ്സിനും വേണം ഫസ്റ്റ് എയ്ഡ്.....32
ഒത്തു പിടിച്ചാൽ ഓസോണും.....33
സൗരയുഥത്തിൽ മറ്റൊരു.....34
കുള്ളൻ ഗ്രഹം.....34
വണ്ടർ വാട്ടർ.....35
മൂലകോശ ചികിത്സയിൽ മുന്നേറ്റം.....36
രണ്ട് സ്പൂൺ രക്തത്തിൽ നിന്നും രക്ത ധമനി.....36
കാലത്തിനുമപ്പുറം.....37
ആകാശം കരയുന്നു.....38
അമ്മയ്ക്കായ്.....39
മഴ വന്നു.....41

# ചക്രവാളങ്ങൾ കടന്നു കുതിക്കയായ് നവകേരള സങ്കൽപ്പ വിമാനങ്ങൾ



# കേരളം





ബി.എ.ആർ.എച്ച്.എസ്ബോവിക്കാനം

# മഴയ്ക്കെടുതിയിലെ അതിജീവനം

രാവിലെ ഉറക്കച്ചടവോടെയാണ് അയാൾ ഉണർന്നത്. പുറത്തിറങ്ങി നോക്കിയപ്പോൾ അതാ ഒരു പടുകൂറ്റൻ തിരമാല. പ്രദേശമൊക്കെ വിഴുങ്ങികൊണ്ടിരിക്കുന്നു. ചിലർ ആ തിരമാലകളിൽ നീന്തി തുടിക്കുന്നു. എങ്ങും കോലാഹലം ഉയർന്നു പൊങ്ങി. പ്രദേശങ്ങളിലൊക്കെ ഒട്ടുമിക്ക പക്ഷി ജീവി മൃഗാദികളുടെയും മനുഷ്യരു ടെയും ആവാസവ്യവസ്ഥകൾ തകർന്നു. അയാളുടെ വീടും തകർന്നു. അയാളുടെ വീടിനടുത്തുള്ള കുടുംബങ്ങളിൽ പലരും മരണമടഞ്ഞു.

അയാൾ അപ്പോൾ മനസിലുറപ്പിച്ചു. എന്തെന്നാൽ പ്രകൃതിയോട് മനുഷ്യൻ ചെയ്ത ക്രൂരതയ്ക്കുപകരമായി പ്രകൃതി യുടെ മറുപടിയാണ് ഇത്. അതുകൊണ്ടു തന്നെ ഈ വെള്ളപ്പൊക്കത്തെ നിയന്ത്രിക്കുക അസാധ്യമാണ്. ഡാമിൽ ജലപ്പരപ്പ് ഉയർന്നു കൊണ്ടേയിരുന്നു. ആ ഷട്ടർ പൊട്ടി കഴിഞ്ഞാലുള്ള ദുർവിധി അസഹനീയമാണ്. അതു മൂലം ഡാമിലെ ഷട്ടർ എല്ലാവരും കൂടി തുറന്നു വിട്ടതു കൊണ്ടാണിങ്ങനെ സംഭവിച്ചത് എന്ന് അദ്ദേഹം മനസിലാക്കി. എങ്ങനെയെന്നു വച്ചാൽ ഡാമിൽ ജല നിരപ്പ് ഉയർന്നു കൊണ്ടേയിരുന്നു എന്ന് ഒരാഴ്ചയ്ക്കു മുമ്പെ വാർത്ത കേട്ടത് അദ്ദേഹത്തിന് ഓർമ്മ വന്നു.

അങ്ങനെ അയാൾ ചിന്തിച്ച് കൊണ്ടിരിക്കവെ ദേ, അതുവഴി കുറേ പോലീസുകാർ പാഞ്ഞെത്തുകയുണ്ടായി. ഒരു പ്രദേശത്തു തന്നെ സ്ഥലം മാറ്റി ദുരിതാശ്വാസ ക്യാമ്പുകളിൽ കൊണ്ടെത്തിച്ചു. അവിടെ എണ്ണം കണക്കാക്കുമ്പോൾ അവിടെയിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ചോദിച്ചു. "പേര് എന്ത് ?" അയാൾ പറഞ്ഞു "രമേശൻ" കുറച്ച് കഴിഞ്ഞപ്പോൾ ഒട്ടുമിക്ക പ്രദേശങ്ങളിലുള്ളവരും അവിടെയെത്തുകയുണ്ടായി.

അങ്ങനെ അയാൾ പറഞ്ഞു "സാറെ ഇവിടെ ഇത്രയും ആൾ ഈ ദുരന്തത്തിന് കാരണമായതു കൊണ്ടാണോ ഇവിടെ വന്നത്" അതെ എന്ന് അദ്ദേഹം മറുപടി നൽകി. ങ്ങനെ ഉറങ്ങാൻ കിടന്നപ്പോൾ അയാൾ തന്റെ വീടിനെയും പറമ്പിനെയും പറ്റി ഓർത്തു വിഷമിച്ചിരിക്കുകയാണ്. അപ്പോഴാണ്, അവിടേക്ക് ഒരു പതിനഞ്ച് വയസ്സായ ഒരാൺ കുട്ടി എത്തിയത്. അവൻ ചോദിച്ചു. "നിങ്ങളെന്താ ഇവിടെ വിഷമിച്ചിരിക്കുന്നത്"? " അയാൾ ചോദിച്ചു "നിന്റെ പേരെന്താണ് ?" അവൻ പറഞ്ഞു "ഗൗരി നന്ദൻ . എന്തിനാണ് നമ്മൾ വിഷമിക്കുന്നത്? നമ്മുടെ സമ്പത്ത് നഷ്ടപ്പെട്ട തിലോ? ജീവൻ തന്നെ പോയവരുണ്ടല്ലോ" അവരൊക്കെ എങ്ങനെയാ ദു:ഖിതരായിട്ടുണ്ടാവുക!...

അപ്പോൾ രമേശൻ പറഞ്ഞു "മറ്റാരോ ചെയ്ത കുറ്റത്തിന് അതായത്, പ്രകൃതി യോട് ചെയ്ത പാപത്തിന് നമ്മളോടാണ് പ്രതികാരം ചെയുന്നത്.

പിറ്റേ ദിവസം രാവിലെ അയാൾ ഉണർന്നപ്പോൾ തന്റെ വീടാണെന്നു കരുതി പുറത്തിറങ്ങി ചാരുകസേരയിലിരിക്കുമ്പോഴതാ ഇത് തന്റെ വീടല്ല, ദുരിതാശ്വാസ ക്യാമ്പാണെന്ന് അയാൾ അറിഞ്ഞത്. അയാൾക്ക് മൂന്നുമക്കളുണ്ടായിരുന്നു. രണ്ട് ആണും ഒരു പെണ്ണും. അവരുടെ അമ്മ പണ്ടേ മരിച്ചു. ഇപ്പോൾ അമ്മയുടെയും അച്ഛന്റെയും സ്ഥാ നത്ത് താൻ മാത്രമാണുള്ളത്. മരണ ഭീതിയിൽ അവർ കിടപ്പറയിൽ നിന്ന് അന്ന് രാവിലെ എവിടേക്കോ ആണ് ഓടിപ്പോയത്. അങ്ങനെ ആരും കാണാതെ അയാൾ തന്റെ നാട്ടിലെത്തി. അതാ തന്റെ വീടിനു ചുറ്റും പോലീസുകാർ തിക്കിത്തിരയുന്നു. അവരുടെ കൈയ്യിൽ ലൈഫ് ജാക്കറ്റും മറ്റും ഉണ്ട്. എന്തെന്നു  നോക്കിയപ്പോൾ തന്റെ മകൾ അവിടെ വെള്ളത്തിലൊലിച്ച് മരണമടഞ്ഞ് ജലത്തിൽ തട്ടി കൊണ്ടിരിക്കുകയാണ്. രക്ഷാ പ്രവർത്തകർക്കിടയിൽ അയാൾ ചെന്നു. പോലീസുകാർ തോണിയിലുണ്ടായിരുന്നു. തന്റെ മകളുടെ മൃതദേഹം അവിടെ നിന്ന് കവർന്നെടുക്കാൻ നോക്കുകയാണ്. അപ്പോൾ തന്റെ മകളുടെ ദേഹത്തെ മുക്കുകയാണ് ജലം.



# വെള്ളത്തിലാഴ്ത്തിയ പ്രളയം


കാടും മേടും മലകളും നിറഞ്ഞൊരു
കേരളം എന്തൊരു ഭംഗി
മഴ പെയ്യുന്നു മഴ പെയ്യുന്നു
എല്ലാവർക്കും സന്തോഷം
മഴയത്തുടെ ചാടി നടക്കാം
എന്തൊരു ഭംഗി എൻ നാട്
മഴ വന്നു മഴ വന്നു
പുഴ കവിഞ്ഞു തോടു കവിഞ്ഞു
കേരളമാസകലം മുങ്ങി-
താണു മഴ വെള്ളത്തിൽ പ്രളയ-
ക്കെടുതിയിൽ നാമോരോരുത്തരും
ആശങ്കകൾ പല വിധത്തിൽ
ജീവനു വേണ്ടി പിടയുന്ന
ഓരോ കുഞ്ഞു മനസ്സിൽ
താങ്ങായി തണലായി
മത്സ്യത്തൊഴിലാളികൾ
സ്വന്തം ജീവൻ വെടിഞ്ഞ്
മറ്റുള്ളവരുടെ ജീവൻ
രക്ഷിച്ചു പടയാളികൾ

**വിളിക്കാതെത്തിയ രക്ഷകർ**
**സ്വന്തം നാടിന്റെ രക്ഷയ്ക്ക്-**
**വേണ്ടി പൊരുതിയ വില്ലാളിവീരൻമാർ**
**ഭൂമി ദേവത ഭൂമിയോളം താണു**
**എന്നിട്ടും എന്തിനീ ക്രൂരത നാം**
**നമ്മോടും പ്രകൃതിയോടും ചെയ്യുന്നു**
**ഇതൊക്കെ സംഭവിച്ചിട്ടും**
**കോർത്ത കൈയ്യഴിയാതെ**
**നമ്മുടെ കേരളം ഒറ്റക്കെട്ടായി**
**പൊരുതി ജയിച്ചു പ്രളയത്തെ.**



# മഴക്കാലം

മഴയില്ലാത്തൊരു നാട്ടിൽ
മഴ പെയ്തു മഴ പെയ്തു
വെള്ളം നിറഞ്ഞു നിന്നു എങ്ങും
കണ്ണീരിൽ വെള്ളം നിറഞ്ഞു നിന്നു
സുന്ദരിയായ ഗ്രാമങ്ങൾ
അങ്ങ് കണ്ണീരിൽ ഒലിച്ചു നിന്നു
ജീവനും ഗോമാതാക്കളും
വെള്ളത്തിനടിയിലായി
പകരുന്നു രോഗങ്ങൾ
പടരുന്നു പകർച്ചവ്യാധികളെങ്ങും
നിരാശയിലാണ്ടു നിന്നു ആയിരം
ജന്മങ്ങൾ ആയിരം ഹൃദയങ്ങൾ
ഒലിച്ചു നിന്നു ഈ മഴക്കെടടുതിയിൽ
ദൈവത്തിൻ പരീക്ഷണം
പോയി ചോന്നു സ്നേഹിക്കുന്ന
ഹൃദയത്തിലും വേദനിക്കുന്ന മനസ്സിലും
ഒറ്റപ്പെടലിന്റെ വിഷമവും
നഷ്ടപ്പെട്ടതിന്റെ കോപവും എല്ലാം
കരഞ്ഞു തീർക്കുമീ ജനങ്ങൾ
കരയുന്ന മനസ്സിനും വിഷമിക്കുന്ന
ഹൃദയത്തിനും ഒരു കൂട്ടായി
നമുക്കും ഒത്തു ചേരാം



# അവൾ തന്ന ദുരന്തം

മഴ പെയ്യുന്നു എങ്ങും ഒരു ദുരന്തമായി
കണ്ണീരിലാഴ്ത്തിക്കൊണ്ടവൾ പെയ്യുന്നു
അവൾ പെയ്യുന്നു മഴ പെയ്യുന്നു
എങ്ങും ഒരു കണ്ണീരായി അവൾ തോരുന്നു
അവളുടെ കരച്ചിലിൽ നാടും വീടും
എല്ലാം ... ഒഴുകിപ്പോയി ...
എങ്ങും ... ദുരന്തമായി ...
ഇനിയെന്ത് ചെയ്‌വാൻ നമ്മ
ളിനി എവിടേക്ക് പോകും ...
എന്തിനെന്നറിയില്ല അവൾ
കേഴുന്നു കരയുന്നു
അവൾ പെയ്യുന്നതിനിടയിൽ
കേഴുന്നു ഞാൻ കേഴുന്നു
എന്റെ കരച്ചിലിൽ അവൾ സന്തോഷ-
മുണർത്തുന്നുവോ എന്നെനിക്കറിയില്ല
അവളെന്തിനി ക്രൂരത ചെയ്യുന്നു
അവളുടെ കരച്ചിലിൽ തോർന്നതെല്ലാം
നമ്മുടെ ജീവിതമാണ് നമ്മുടെ സ്വപ്നമാണ്
എന്തു ചെയ്യും നമ്മളിനി എന്തു ചെയ്യും ...
എന്തു ചെയ്യും നമ്മളിനി എന്തു ചെയ്യും ...

# മഴപെയ്തതിനിടയിൽ

ആകാശത്തിൻ വെൺ കൊട്ടാരത്തിൽ നിന്നാ
ടിയെത്തിയ പവിഴമാം മഴയെ
കേട്ടു ഞാൻ നിന്റെ താളം, അറിഞ്ഞു ഞാൻ
നിന്റെ സ്പർശം
നിന്റെ വരവിനായി കാത്തിരുന്ന കർഷകർ,
നിന്റെ ഒരു തുള്ളി തിർത്ഥം ലഭിക്കാൻ
പ്രാർത്ഥിച്ചവർ പറയുന്നിതാ നിന്റെ മഹിമ.
പെട്ടെന്നൊരു ദിനം കണ്ടു ഞാൻ നിൻ
രൗദ്രമാം ഭാവം
ആർദ്രമായി തഴുകിയ പവനൻ അപ്പോഴതാ
രക്ഷസാകാരം പൂണ്ടു.
അപ്പോൾ രൗദ്രയായി നി നൃത്തമാടികൊ
ണ്ടിതാ പൃഥ്വിദേവിയെ വേദനിപ്പിക്കുന്നു
പാവമാം സസ്യ ജന്തുജാലങ്ങൾ കഷ്ടം
തീയിലെരിയുന്നിതാ
അകലെ നീ പെയ്തുതിമിർക്കുന്നതിനിടയിൽ ,
ഒരു വീടിൻ നാശമായതിൻ കാഴ്ച
അതിനകത്തുള്ളവർ  എന്നന്നേക്കുമായി
നിശ്ശബ്ദരായി കഴിഞ്ഞിരുന്നു
പക്ഷേ !
നിൻ ഓരോ തുള്ളിയും ആ വീടിൻ നേർക്കു
പതിയുമ്പോഴും അതിനിടയിൽ ഒരു കൈതാ-
ങ്ങായി ഒരു കരച്ചിൽ മുഴങ്ങുന്നു,
ആ കരച്ചിൽ ആരുകേൾക്കും ?
നീ പെയ്യുന്നതിനിടയിലെ  ആ തേങ്ങൽ
അറിയാതെ പോകുമോ നീ ...............

# മഴ പെയ്തതിനിടയിലെ കരച്ചിൽ

കോരിച്ചൊരിയും കൊടും പേമാരിയിൽ
വീശിത്തകർക്കും കൊടും കാറ്റിനിടയിൽ
തേങ്ങിക്കരയുന്നതാരോ.......
തകർന്നു തരിപ്പണമായൊരു ഓല
പ്പുരയുടെ ചാരത്തു നിന്നിതാ
ആരോ വിതുമ്പിക്കരയുന്നു മെല്ലെ
പറക്കാനൊരിടമില്ല, ഉടുപ്പുമില്ല
ഭക്ഷണവുമില്ല ജലവുമില്ല
സ്വന്തമെന്നു പറഞ്ഞിടാൻ ആരുമില്ലാതെ
മഴയെ പഴിക്കുന്ന ജന്മം
പ്രസവ വേദനയാൽ പിടയുന്ന സ്ത്രീയും
ഭക്ഷണമില്ലാതെ കരയുന്ന കുഞ്ഞും
ഇരു നില വീടിനുമുകളിൽ പാർക്കുന്നവരും
പൊട്ടിക്കരയുന്ന വിധിയെ പഴിക്കുന്നു
എന്തിനീ ജന്മം എനിക്കു തന്നു........



# ഉള്ളുതുറക്കാൻ

## ബ്ലോഗുകൾ

'വെബ് ലോഗ് ' എന്നതിന്റെ ചുരുക്കമാണ് ബ്ലോഗ്.പണ്ടുകാലം മുതലേ നാവികർ യാത്രയിൽ നടക്കുന്ന സംഭവങ്ങൾ കുറിച്ചു വച്ചിരുന്നു. ഈ രേഖകളാണ് ലോഗ് എന്നറിയപ്പെടുന്നത്. ഇതുപോലെ ഒരു വ്യക്തി തന്റെ അനുഭവങ്ങളും തോന്നലുകളും വെബ്ബിൽ രേഖപ്പെടുത്തുക എന്ന ആശയമാണ് വെബ് ലോഗ്.തൊണ്ണൂറുകളിൽ അവതരിച്ചതാണ് ബ്ലോഗെഴുത്തും ബ്ലോഗനയും.പതിനാറു കോടിയോളം ബ്ലോഗുകൾ ഇന്ന് വെബ്ബിലുണ്ട്.



# അകലെ നിന്നൊരു രോദനം

കടലിൽ നീന്തിത്തുടിക്കുന്ന മത്സ്യത്തിന് കടലോടാണ് ഭ്രമമെങ്കിൽ എനിക്ക് കരയോടാണ്. എന്നാൽ ഇന്നിതാ കരയും കടലും എല്ലാം തന്നെ ജലത്തിന്റെ അധീനതയിലായിരിക്കുന്നു.

പ്രളയം...

അത് വൻ ദുരന്തമായി കലാശിച്ചു. മനുഷ്യന്റെ ചെയ്തികൾ കണ്ടു നിൽക്കാനാവാതെ കടലുകളും കേരളത്തിലെ സകലമാനജലാശയങ്ങളും ഒന്നടങ്കം മനുഷ്യനെയും ജീവജാലങ്ങളെയും വിഴുങ്ങാൻ അടുത്തു. 'ദർദുരത്തെ കണ്ട അഹിയെപ്പോലെ..'

അതിജീവനം എന്ന ഒരു മനോഭാവത്തോടെ സകലരും പ്രവർത്തനം ആരംഭിച്ചു. ജാതിഭേതമെന്യേ അവർ ദുരിതാശ്വാസ ഫണ്ടുകൾ രൂപീകരിച്ചു. പരസ്പരം വിദ്വേഷമോ ദേഷ്യമോ ഇല്ലാതെ കരുണയും സഹാനുഭൂതിയും കൂടെ കരുതി. അവർ കരകയറാൻ ശ്രമിച്ചു. അവരുടെ പരസ്പര സ്നേഹം കൊണ്ടോന്നും ജലപ്പരപ്പ് അടങ്ങിയില്ല. കേരളം ഈകഴിഞ്ഞ കാലം വരെ പടുത്തുയർത്തിയ സാമ്രാജ്യം ചക്ഷുശ്രവണനെപ്പോലെ ജലം പരിഗ്രസ്തം ചെയതു.

വേനലിൽ ചുട്ടുപഴുത്ത് വിയർത്തൊലിച്ച് നടക്കുന്ന മനുഷ്യർക്ക് ദൈവത്തോട് ഒറ്റ പ്രാർത്ഥനയേ ഉള്ളൂ. "നാഥാ കരുണാ നിധിയായ ദൈവമേ... ഞങ്ങൾക്ക് അസഹനീയമാണ് ഈ ചൂട്. നീ നിന്റെ കരുണയുടെ പ്രതീകമായ ജല കണികകളെ ഇങ്ങോട്ട് ഇറക്കിയാലും." എന്നാൽ മറ്റു ലചിലർ സൂര്യനെ ശപിച്ചു കൊണ്ടേയിരുന്നു. "ഹൊ! നശിച്ച ചൂട്.

എന്നാണാവോ ഒരു മഴ പെയ്തിറങ്ങുക. ദൈവത്തിന് നമ്മോട് കരുണയൊന്നുമില്ലേ!..."

എല്ലാവരുടെയും ആവശ്യപ്രകാരം അവസാനം മഴ വന്നു. എന്നാൽ ആരും കരുതിയില്ല ഇത്തരം കാര്യങ്ങൾ സംഭവിക്കുമെന്ന്. ആദ്യ മഴയിൽ അവർ മണ്ണിന്റെ ഗന്ധത്തിൽ ആറാടി. പിന്നെ വന്ന മഴയിൽ കുളം നിറഞ്ഞു. അവർ നിന്തിത്തുടിച്ചു. എന്നാൽ ഒരു ഉദയത്തിൽ അവരുടെ കിടപ്പാടം വരെ പിഴുതെറിഞ്ഞു ആ മഴ.

പലരും പശ്ചാത്താപത്തിന്റെ സൂചനയായി അർലമുറയിട്ടു. തങ്ങളുടെ ചെയ്തികൾ ഓർത്ത് ആർത്തു വിളിച്ചു.

"ദൈവമേ... എന്തൊരു ക്രൂരതയാണിത്." എന്നാൽ ഈശ്വരൻ പോലും അവരെ തിരിഞ്ഞു നോക്കിയില്ല. ക്യാമ്പിൽ കഴിയുന്ന പൗലോസ് ചേട്ടൻ ഇതൊക്കെ ഓർത്തപ്പോൾ അറിയാതെ മിഴി നിറഞ്ഞു. കാരണം വിളിച്ചു വരുത്തിയ ദുരന്തമായിരുന്നു അത്. എല്ലാവരും ദൈവത്തെ വിളിക്കാൻ മടിച്ചു. കാരണം അവരുടെ ആഗ്രഹത്തിനൊത്ത് ഒന്നും നടക്കരുതെന്ന് അവർക്ക് ചിന്ത വന്നിട്ടുണ്ടാകാം. എല്ലാം ദൈവ നിശ്ചയം. ഋതുക്കൾ മാറ്റാനും ഭൂമി കറക്കാനും അദ്ദേഹത്തിന് മാത്രമേ അവകാശമുള്ളൂ. ആ തിരിച്ചറിവിനാണ് ദൈവം നമ്മെ ശിക്ഷിച്ചത്. ഒരു അദ്യാപകൻ കുട്ടികളെ ശിക്ഷിക്കുന്നത് എന്തിനാണോ, അത് പോലെ. തിരിച്ചറിവിന്റെ അവസാന ഘട്ടത്തിലേക്ക് പ്രവേശിച്ചപ്പോൾ പൗലോസിന് വിഷമം തോന്നിയില്ല. ഈ വൻ ദുരന്തത്തിനു പിന്നിൽ ദൈവത്തിന്റെ ഒരു സദുദ്ദേശ്യം തന്നെയാണ്.

പൗലോസ് ജനാലയിലൂടെ നോക്കിയപ്പോൾ മഴത്തുള്ളികൾ പെയ്തിറങ്ങുകയാണ്. "അപ്പോഴും ജലനിരപ്പ് ഉയർന്നു കൊണ്ടേയിരുന്നു."

"ഇങ്ങനെയൊരു ദുരന്തം ഇനി ഉണ്ടാകാതിരിക്കട്ടെ"എന്ന് ഞാൻ മനസിൽ തട്ടി പറയുന്നു.

# കാർമുകിലിന്റെ നൊമ്പരം

ആർദ്രമായ ശബ്ദത്തോടെ കാർമുകിലിന്റെ രോദനം
അവൾ കരയുകയാണോ 'അതെ'
വേദന  സഹിച്ച അവളുടെ രോദനം
അത് അവന്റെയോ അതോ അവളുടെതോ
അവൾ തന്നെയായിരിക്കും
 തോരാത്ത കണ്ണീർ വാനം
 അവൾക്കു മടുത്തു കാണും
അവിടെ അവൾ സ്വതന്ത്രയല്ലായിരിക്കും
അവളുടെ കണ്ണീർ ചുടുതാര പോലെ
ആ പച്ചപ്പിൽ വീണു
ദൈവത്തിന്റെ സ്വന്തം നാട് അവ-
ളുടെ കണ്ണീരിനാൽ സന്തോഷ പുളകിതമായി
അവർ ആനന്ദത്തിൽ മയങ്ങി
ആ രാത്രി അവളുടെ കരച്ചിൽ ഒരു ശാപമായ്
നാശമായ് അവരിലേക്ക് നുഴഞ്ഞു കയറി
പുതിയ പുലരി ദുഃഖത്തിലാണ്ടു
ദൈവത്തിന്റെ മക്കളുടെ
മഴപെയ്ത്തിനിടയിലെ കരച്ചിൽ കേട്ടു
അവളുടെ കരച്ചിൽ കേട്ടു കരളലിഞ്ഞു
അവളുടെ തോരാത്ത കണ്ണീർ എത്ര
യോ പേരുടെ ജീവനെടുത്തു

നാളയെ പ്രതീക്ഷിച്ചവന് മഴ മരണമായ്
കുരുന്നുകളുടെ ശ്വാസം നിലച്ചു
എല്ലാവരുടെും ഗൃഹങ്ങൾ വെള്ളം
വിഴുങ്ങി 'എന്റെയും'
ഞാൻ കേട്ടു അലമുറയും സഹായ
ഭ്യർത്ഥനയും ഞാനും കരഞ്ഞു
സഹായത്തിനായുള്ള കണ്ണു നീർ
മരണം മുന്നിൽ കണ്ടപ്പോൾ സാഹായമായ്
പുതു ജീവനായ് കടലിന്റെ മക്കൾ ഞ-
ങ്ങളെ കാത്തു ഒപ്പം ധീര യയോദ്ധാക്കളും
വിദ്യയുടെ തണൽ ഞങ്ങൾക്ക് അഭയമേകി
അവിടെ ഞാൻ കണ്ടു പലരുടെയും കണ്ണുനീർ
എന്നാൽ അവിടെ പിന്നീടുള്ള ദിവസങ്ങളിൽ ഞാൻ
കണ്ടത് പണക്കാരനും ദരിദ്രനും ഒന്നാകുന്ന
കാഴ്ച എല്ലാവർക്കും ഒരേ പ്രാർത്ഥന
ഒരേ ആവശ്യം ഒരേ ഭക്ഷണം
ജാതിയും മതവും നോക്കാതെ ഒരുമിച്ച് നിന്നു
മാധ്യമങ്ങളുടെ രാഷ്ട്രീയ കച്ചവടം നിലച്ചു പോയി
രാമനും മുഹമ്മദും ജോസഫും
ഒരേ പാത്രത്തിൽ ഉണ്ടു
എല്ലാവരും ഒന്നാകുന്നത് ഞാൻ കണ്ടു
സഹായവുമായി സൗഭാഗ്യത്തു നിന്നും ആൾക്കാർ
എത്തി കണ്ണീരും പരിഭ്രവവും തോർന്നു
ദുരന്തമായ അവളുടെ കരച്ചിലിനെ
ഒരു നാട് ഒരുമിച്ച് നിന്ന് അതിജീവിച്ചു

**സ്വന്തം ശരീരം ചവിട്ടി പടിയായും**
**സ്വന്തം ശരീരം മറ്റുള്ളവർക്ക് ബലിയാടിയും കുഞ്ഞിനായി**
**സാഹസികമായി പോരാടി**
**മഴ പെയ്തതിനിടയിലെ കരച്ചിൽ തോർന്നു വന്നു ...**

☆ ☆ ☆ ☆ ☆

## വ്യായാമം ചെയ്തും വൈദ്യുതി ഉണ്ടാക്കാം

അമിത ഊർജവും കൊഴുപ്പും ഇല്ലാതാക്കാനാണ് വ്യയാമം ചെയ്യുന്നത്. എന്നാൽ ഈ ഒരു ഊർജം അൽപം പോലും പാഴാക്കാതെ വൈദ്യുതിയാക്കി മാറ്റിയാലോ? ഇത്തരത്തിലൊരു സംവിധാനവുമായി രംഗത്ത് വന്നിരിക്കുകയാണ് ദുബായ് ലേഡീസ് ക്ലബ്ബ്.

ക്ലബ്ബിനോട് ചേർന്ന് ഉദ്ഘാടനം ചെയ്യപ്പെട്ട അൽ–സ–അദ പാർക്കിലെ വ്യയാമയന്ത്രങ്ങൾ പ്രവർത്തിക്കുമ്പോൾ മറ്റുവശത്തിന് ആനുപാതികമായി വൈദ്യുതി ഉൽപാദിക്കപ്പെടുന്നു. യന്ത്രങ്ങളിൽ വ്യായാമം ചെയ്യുമ്പോൾ ഉണ്ടാകുന്ന ചലനോർജമാണ് വൈദ്യുതിയാക്കി മാറ്റുന്നത്.ഇതിന് സഹായകമാകുന്ന എട്ട് യന്ത്രങ്ങളാണ് അവിടെയുള്ളത്.

എട്ട് പേർ ഒരുമിച്ച് ഒരു മണിക്കൂർ നേരം തുടർച്ചയായി വ്യായാമം ചെയ്താൽ പരമാവതി എണ്ണൂർ വാട്ട് അതായത്,പരമ്പരാകഗത രീതിയിൽ ഇത്രയും വൈദ്യുതി ഉൽപാതിപ്പിക്കുമ്പോൾ നാൽപത്തിയൊന്ന് ഗ്രാം കാർബൺ ഡൈ ഓക്സൈഡ് പുറന്തള്ളപ്പെടും. ഒരു വ്യക്തി ശരാശരി ഒരു യന്ത്രത്തിൽ ഒരു മണിക്കൂർ വ്യായാമം അമ്പത് വാട്ട് വൈദ്യുതി ലഭിക്കും ചെറിയ കുട്ടിക്ക് മുപ്പത് വാട്ട് വരെ ഉത്പാതിപ്പിക്കാനാകും. അമിത വണ്ണക്കാരായ ആളുകൾ കൂടുതലുള്ള രാജ്യമെന്ന നിലയ്ക്ക് വിവിധാദ്ദേശ്യപാർക്കിന് യു. എ. ഇ പുരുഷന്മാരിൽ അറുപത്തിയാറ് ശതമാനവും അമിതവണ്ണമുള്ളവരാണ്.

വടക്കൻ ആഫ്രിക്കൻ, മധ്യ പൂർവേഷ്യൻ മേഖലയൽ തന്നെ ഇത്തരത്തിലൊരു പാർക്ക് ആദ്യമാണെന്ന് ക്ലബ്ബ് അംഗങ്ങൾ ചൂണ്ടിക്കാട്ടുന്നു.

# പ്രളയം- നവകേരള നിർമാണം

ഇന്ന് നാം അനുഭവിക്കുന്ന അന്തരീക്ഷത്തിലെ താപം വളരെ കൂടുതലാണ്. എന്നാൽ ഇന്നലെ അനുഭവിച്ച ദുരിതത്തിന്റെ കണക്കും അതിഗാംഭിര്യമാണ്. ഈ ലോകത്ത് പാടവും പുഴകളും തോടും കുളങ്ങളുമെല്ലാം കൂടുതലായി ഉണ്ട്. ഈ ഭൂമിയുടെ മൂന്നിൽ രണ്ട് ഭാഗവും ജലത്താൽ നിറഞ്ഞിരിക്കുന്നു. അതു കൊണ്ട് എവിടെ പോയാലും സമുദ്രമാണ്. അത് നീരാവിയായി പോയിട്ട് മഴത്തുള്ളിയായി ഭൂമിയിൽ എത്തുന്നു. രണ്ടായിരത്തിപതിനെട്ടിലാണ് ഏറ്റവും കൂടുതൽ ലഭിച്ചത്. ഈ മഴ എല്ലാർക്കും ബാധകമായി. എന്തെന്നാൽ മുല്ലപ്പെരിയാർ ഡാമിൽ വെള്ളം കൂടുതലായി. അതു കൊണ്ട് ഷട്ടറുകൾ തുറന്ന് വിട്ടു. എല്ലാ വിടുകളും തകർന്നു. എത്രയെത്ര ആളുകൾ മരിച്ചു. വെള്ളം നിറഞ്ഞ് റോഡുകളും ഒരു പുഴയായി മാറി. വീട്ടിലുള്ള എല്ലാ സാധനങ്ങളും തകർന്നു. ജനങ്ങൾ ആർത്തു വിളിച്ചു കണ്ണീർ പൊഴിച്ചു. "എവിടേക്ക് പോകണം ? ആര് രക്ഷിക്കും ? " എന്നൊക്കെ എല്ലാവരും കരഞ്ഞ് കൊണ്ട് പറഞ്ഞു. സ്കൂളുകളില്ല, പുസ്തകമില്ലാത്ത കൊച്ചു കുഞ്ഞുങ്ങളുടെ സങ്കടം, ജോലിക്ക് പോകാൻ കഴിയാത്ത കർഷകരുടെ കണ്ണീര്, തൊളിലും കൃഷിയും എല്ലാം നശിച്ചു, ഒരു നേരത്തെ ആഹാരമില്ലാത്ത അരിയില്ലാത്തവരുടെ കണ്ണീര്, പണക്കാര് പോലും പാവപ്പെട്ടവരായെന്ന തോന്നൽ, വലിയ വലിയ വീടും കെട്ടിടങ്ങളും ഇടിഞ്ഞ് വീണ് എത്രയോ ആളുകൾ മണ്ണിനടിയിൽ, അവരെ ഓർത്തോർത്ത് കരയുന്ന കു ടുംബങ്ങൾ. ഉരുൾ പൊട്ടിയും മണ്ണിടിച്ചിലും റോഡും പാലവും പൊളിഞ്ഞും എല്ലാവ രെയും അത്ഭുതപ്പെടുത്തി. ഭക്ഷണം കഴിച്ച് ഒരാ ഴ്ചയായി എന്ന് എവിടെയോ ഒറ്റ പ്പെട്ട് കിടക്കുന്നവരുടെ സങ്കടം. ഇതൊക്കെ കണ്ട് എത്രയോ ആളുകൾ കാഷ് കൊ ടുത്തും അരിയും ഉടുക്കാൻ ഉടുതുണിയും കൊടുത്ത് സഹായിച്ചു. ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർ കുടുംബങ്ങളെ പോലെ ഒന്നിച്ച് കഴിയുന്ന കാഴ്ച. അവർക്ക് ഭക്ഷണവുമായി ഹെലിക്കോപ്റ്ററിൽ കൊണ്ടെത്തിക്കുന്ന രക്ഷാപ്രവർത്തനം. ഒറ്റപ്പെട്ട് കിടക്കുന്നവർക്ക് ഭക്ഷണവുമായി തോണിയിൽ തുഴഞ്ഞ് എത്തിക്കുന്നതും, അവരെ രക്ഷിച്ചും സ്വന്തം ജീവൻ കളഞ്ഞും അവർക്ക് വേണ്ടി ത്യാഗവും പ്രയാസവും അനുഭ വപ്പെട്ട് ഊ ണും ഉറക്കവുമില്ലാതെ

രക്ഷാപ്രവർത്തനത്തിന് പോയവരുടെ കണക്കുക ളില്ല. സൈന്യങ്ങൾ പോലും ഈ കേരളത്തിലേക്ക് ഇറങ്ങി. അവർക്ക് വേണ്ടി എല്ലാ സ ഹായവും ചെയ്തു. എല്ലാ വീടുകളും വൃത്തിയാക്കി. റോഡുകളും പാലങ്ങളും പുതു തായി നിർമ്മിച്ചു. സ്കൂൾ കുട്ടികൾക്ക്  വേണ്ടി പുസ്തകവും യൂണിഫോമും കൊടു ത്ത് അവരുടെ കണ്ണീർ തുടച്ചു. വിദേശത്ത് നിന്നും നാട്ടിൽ നിന്നും കുറേ ആളുക ൾ കഴിയുന്ന സഹായം ചെയ്തു. റദ്ദാക്കി വെച്ച ട്രെയിൻ പുനരാരംഭിച്ചു. നശിച്ച് പോ യ കൃഷിയും തൊഴിലും വീണ്ടും തുടങ്ങി. മഴ മാറി സൂര്യപ്രകാശം തെളിഞ്ഞ് വന്നു. കണ്ണീർ പാടങ്ങളിൽ സന്തോഷത്തിന്റെ വാതിൽ തുറന്നു കേരളത്തെ പ്രളയത്തിൽ നിന്നും രക്ഷിച്ചു. പുനർ ജനിച്ചു നമ്മുടെ കേരളം.

"നമ്മുടെ കേരളം നവകേരളം"

* * * * *



# കേരളം ഇന്ന്

നമ്മുടെ നാടിനെക്കുറിച്ച് നമ്മൾക്കെല്ലാവർക്കും അറിയാം. നമ്മുടെ നാട്ടിൽ നടന്ന ഓരോ സംഭവത്തെക്കുറിച്ച് പറയാൻ ഒരുപാടുണ്ട്. നമ്മുടെ കേരളത്തിൽ ഈ അടുത്ത ദിവസങ്ങളിൽ പോലും പ്രളയം വന്നിരുന്നു. കേരലത്തിൽ പതിനാല് ജില്ലകളുണ്ട്. അതിൽ പതിമൂന്ന് ജില്ലകളും പ്രളയം വന്ന് നശിച്ചു. കുറേ മനുഷ്യരും ജീവികളും നശിച്ചു. പല പല വസ്തുക്കളും പല പല സ്ഥാപനങ്ങളും നശിച്ചു. കുറേ മനുഷ്യരും മരിച്ചു. എല്ലാവരും വിഷമിക്കുകയാണ്. വീടുകളെല്ലാം വെള്ളത്താൽ നിറഞ്ഞിരിക്കുന്നു. എല്ലാ വസ്തുക്കളും നശിച്ചു.കടൽത്തീരത്തുള്ളവർക്ക് ജീവിക്കാൻ പറ്റാത്ത അവസ്ഥ. അവർ കുടിയേറ്റം ചെയ്യാൻ തുടങ്ങി. എവിടത്തന്നെ ആയാലും അവർക്ക് ചിലരുടെ സഹായം കൂടിയേ തീരൂ. അവരെ രക്ഷപ്പെടുത്താൻ വേണ്ടി ഡാമുകൾ തുറന്നു. എന്നിട്ടും രക്ഷയില്ല. കൃഷികളുമെല്ലാം നശിച്ചു. വീടിനുള്ളിൽ വെള്ളം നിറഞ്ഞു നിന്നു. വൃത്തിയാക്കാൻ ശുദ്ധജ ലം പോലും ഇല്ലാത്ത അവസ്ഥയാണ്.



# പ്രകൃതിയുടെ മുന്നിലെ തോൽവി

മഴയോ നീ എന്ന് വരുമെന്ന് കാത്തിരുന്ന
കേരളത്തിൽ,മഴ ചിന്നിചിതറി വന്നു
കേരളം ഇന്ന് പൊട്ടി കരയുന്നു
എത്ര ജനജീവനുകൾ ഇല്ലാതായി
എത്ര പേർ അനാഥരായി
ഒരു നേരം പോലും ഭക്ഷണം കിട്ടാതെ
പലരും ദുരിതം അനുഭവിച്ചു
പല ജീവനുകൾ മണ്ണിനടിയിലായി
എത്ര നല്ല നാടുകൾ എത്ര നല്ല വീടുകൾ
വെള്ളത്തിനടിയിലായി
റോഡ് ഏതാണ് , പുഴ ഏതാണ്
എന്ന് പോലും അറിയാതായി
ജാതിയും മതവും ഒന്നുമില്ല
ഒറ്റ മനസ്സിൽ
ജനങ്ങൾ കേരളത്തിനായി പ്രാർത്ഥിച്ചു
ദൈവത്തിന്റെ സ്വന്തം നാടായ കേരളം
ഇന്ന് ഇല്ലാതായി
ഇതാ മഴപെയ്യുന്നതിനിടയിൽ
ജനങ്ങൾ കരയുന്നു
ഇനി ഉണ്ടാവുമോ മനോഹരമായ കേരളം
ഇതാ പ്രകൃതിക്ക് മുന്നിൽ നാം തോറ്റു
ഇതാണ്, പ്രകൃതിയെ ദ്രോഹിച്ചതിന്റെ
പ്രത്യുപകാരമോ ........

# സ്മാർട്ട് ഫോൺ ബാറ്ററികളിൽ നിന്ന് നൂറിലേറെ വിഷവാതകങ്ങൾ

ലണ്ടൻ : സ്മാറ്ട്ട് ഫോമിലും ടാബിലുമെല്ലാം ഉപയോഗിക്കുന്ന ബാറ്റ റികൾ നൂറിലേറെ വിഷവാതകങ്ങൾ പുറത്തു വരുന്നതായി വെളിപ്പെടു ത്തൽ. ലിഥിയം അയൺ ബാറ്ററികളാണ് പ്രധാനമായും ഫോണുകളിൽ ഉപയോഗിക്കുന്നത്.

അലർജിക്ക് കാരണമായേക്കാവുന്ന കാർബൺ മോണോക്സൈഡ് ഉ ൾപ്പെടെ നൂരുകണക്കിന് വിഷവാതകങ്ങൾ ബാറ്ററികൾ പുറന്തള്ളുന്നു ണ്ടെന്നാണ് കണ്ടെത്തൽ.ബ്രിട്ടനിലെ ഇൻസ്റ്റിറ്റ്യൂഡ് എൻ.ബി.സി.ഡിഫ ൻസ്, ചൈനയിലെ സിങ്ഹ്വ സർവകലാശാല എന്നിവിടങ്ങളിലെ ഗവേ ഷകരുടേതാണ് പഠനം.ചാർജ് കൂടുന്നതിനനുസരിച്ച് പുറന്തള്ളുന്ന വി ഷവാതകങ്ങളുടെ അളവും വർധിക്കും.ബാറ്ററി ചൂടാക്കുന്നതും നിലവാ രമില്ലാത്ത ചാർജറുകൾ ഉപയോഗിക്കുന്നതുമെല്ലാം അപകടമാണെന്നും ഇവർ മുന്നറിയിപ്പ് നൽകുന്നു.



എസ്ബോവിക്കാനം

# കരയിച്ച മഴ

മഴ പെയ്യുന്നു മഴ പെയ്യുന്നു ...
കേരളമൊന്നാകെ മഴ പെയ്യുന്നു ...
കേരളത്തെ തകർത്ത പേമാരി
എന്റെ വീടും നശിപ്പിച്ചു
എല്ലാം തന്നെ നീ നശിപ്പിച്ചുവല്ലോ ...
എന്റെ സന്തോഷം തകർത്ത്
എന്നെ ദുഃഖിതയാക്കിയില്ലേ ...
നീ പോയതല്ലേ ...
സന്തോഷം നൽകൂ നീ ...
സന്തോഷം നൽകൂ നീ ...
എന്റെ കേരളത്തെ നീ രക്ഷിക്കുകയില്ലേ ...
മഴ പെയ്യുന്നു മഴ പെയ്യുന്നു ...
ചറ പറ ശബ്ദത്തോടെ മഴ പെയ്യുന്നു ...
ഗ്രാമവും തകർത്ത് വീടും തകർത്ത് പെയ്യുന്നു
രക്ഷയാകില്ലേ ... രക്ഷയാകില്ലേ ...
കേരളത്തിന് നീ രക്ഷയാകില്ലേ ...



# മനസ്സിനും വേണം ഫസ്റ്റ് എയ്ഡ്

ശരീരത്തിന്റെ ആരോഗ്യം പോലെ പ്രധാനമാണ് മനസ്സിന്റെ ആരോഗ്യവും.ചെറിയ പരിക്കുകളെ അവഗണിച്ചാൽ മുറിവിൽ അണുബാധയുണ്ടായി അത് ആരോഗ്യത്തെ തന്നെ ബാധിക്കും എന്ന അറിവുള്ളതുകൊണ്ടാണ് ഇങ്ങനെ പ്രഥമശുശ്രൂശ ചെയ്യാൻ നാം തയ്യാറാവുന്നത്. പല്ലുകളെ സംരക്ഷിക്കാൻ ബ്രഷ് ചെയ്യുന്നതും നഖങ്ങൾ വെട്ടുന്നതും കുളിക്കുന്നതുമെല്ലാം ആരോഗ്യം കാത്തുസൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ്. നിസ്സാരങ്ങളായ മനോവിഷമങ്ങളും വളർന്ന് ഗുരുതരമായ പ്രശ്നങ്ങളായി തീർന്ന് നമ്മുടെ ജീവിതത്തെ തന്നെ വിഷമവ്യത്തിലാക്കാൽ ഇടവരുന്നു. ഇങ്ങനെ സംഭവിക്കാതിരിക്കാനുള്ള മുൻകരുതലെടുക്കാൽ ഒരു വിദ്യയുണ്ട്. അതാണ് വൈകാരിക മുറിവുകൾക്ക് പ്രഥമ ശുശ്രൂഷ നൽകുന്ന ഫസ്റ്റ് എയ്ഡ് ബോക്സ്. ചെറിയ മാനസിക വിഷമങ്ങളെ ചിന്തിച്ച് പുണ്ണാക്കാതെ ഭേദപ്പെടുത്തുന്നതിനാണ് ഒരുങ്ങേണ്ടത്. മനസ്സിന് സന്തോഷം തരുന്ന നിറങ്ങളോ രൂപങ്ങളോ ഉള്ള ഒരു പെട്ടി ഇതിനായി ഉണ്ടാക്കാം. പെട്ടിക്കകത്ത് ആത്മവിശ്വാസം വർധിപ്പിക്കുന്നതിനും ശുഭചിന്തകൾ മനസ്സിൽ നിറയ്ക്കുന്നതിനും സഹായകമായ വാക്യങ്ങൾ എഴുതി കാർഡുകളോ ഇവ അടങ്ങിയ അടങ്ങിയ ചെറിയ പുസ്തകങ്ങളോ സൂക്ഷിക്കാം.

# ഒത്തു പിടിച്ചാൽ ഓസോണും

2016 ജൂലായിൽ ഐക്യരാഷ്ട്രസഭയുടെ അണ്ടർ സെക്രട്ടറി സ്റ്റെയ്നർ ഒരു പ്രഖ്യാപനം നടത്തി. ഏറെക്കാലമായി ലോക ജനത മുഴുവൻ കേൾക്കാനാഗ്രഹിക്കുകയും അതേ സമയം ഒരിക്കലും കേൾക്കില്ല എന്നു കരുതുകയും ചെയ്ത പ്രഖ്യാപനമായിരുന്നു അത്. ഓസോൺ പാളിയുടെ വിള്ളൽ കുറേശ്ശെയായി അടഞ്ഞു തുടങ്ങുന്നു എന്നായിരുന്നു ഡോ. ഫ്രാൻസിസ് ആലപ്പാട്ടിന്റെ പ്രക്യാപനം. ഓസോൺ പാളികളെ നശിപ്പിക്കുന്ന രാസവസ്തുക്കൾ കർശനമായി നിയന്ത്രിക്കുകയും ഹരിത വത്ക്കരണം കാര്യക്ഷമമാക്കുകയും ചെയ്തതിന്റെ ഫലമാണ് ഈ നേട്ടം.

ഭൂമിയുടെ സംരക്ഷണച്ചുമതല നിശബ്ദായി ഏറ്റെടുത്ത "ഭൂമിയുടെ പുതപ്പ്" എന്നു വിശേഷിപ്പിക്കാവുന്ന ഓസോൺ പാളിക്ക് വിള്ളൽ എന്ന പ്രതിഭാസം കാണപ്പെട്ടത് 1970-ലാണ്. അന്റാർട്ടിക്കയിലാണ് ഈ പ്രതിഭാസം ആദ്യമായി ശ്രദ്ധിക്കപ്പെട്ടത്. ഓസോണിനെ നഷിപ്പിക്കുന്നരാസവസ്തുക്കൾ കലർന്ന ശക്തമായ വായു പ്രവാഹം ധ്രുവങ്ങളിൽ കൂടുന്നതാണ് ഓസോൺ പളിക്ക് പരിക്ക് പറ്റാൻ കാരണം. ഇപ്പോൾ പന്ത്രണ്ട് ദശലക്ഷം മൈൽ വീതിയിൽ കാണുന്ന ഓസോൺ പാളിയിലെ വിള്ളൽ മുപ്പത് വർഷത്തിനുള്ളിൽ എട്ട് ദശലക്ഷമായി കുറയുമെന്നാണ് കണക്കാക്കുന്നത്. ഓസോൺ നശീകരണ വാതകങ്ങൾ അതികർശനമായി നിയന്ത്രിക്കുകയാണെങ്കിൽ  ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ ഓസോൺ ദ്വാരം പൂർണ്ണമായും അടഞ്ഞുപോകുമെന്നാണ് ശാസ്ത്രജ്ഞന്മാരുടെ കണക്കുകൂട്ടൽ.

# സൗരയൂഥത്തിൽ മറ്റൊരു കുള്ളൻ ഗ്രഹം

സൗരയൂഥത്തിൽ പ്ലൂട്ടോയ്ക്ക് സമാനമായി മറ്റൊരു കുള്ളൻ ഗ്രഹത്തെക്കൂടി കണ്ടെത്തി. എട്ടാം ഗ്രഹമായ നെപ്റ്റ്യൂണും കഴിഞ്ഞ് സൗരയൂഥത്തിന് ഏറ്റവും വെളിയിലുള്ള കുയ്പർ മേഖലയിലാണ് കുഞ്ഞൻ ഗ്രഹമുള്ളത്. മിച്ചിഗൺ സർവകലാശാലയിലെ ജ്യോതിശാസ്ത്രജ്ഞൻ ഡേവിഡ് ജെർഡനും സംഘവുമാണ് 2014 യു. സെഡ്. 224 എന്ന് പേരിട്ടിരിക്കുന്ന ഗ്രഹത്തെ കണ്ടെത്തിയത്. സൂര്യനിൽ നിന്ന് 850 കോടി km അകലെയുള്ള ഗ്രഹത്തിന് പ്ലൂട്ടോയുടെ പകുതി വലുപ്പമുണ്ട്. പൂർണ്ണഭ്രമണപഥം വ്യക്തമായിട്ടില്ല. സൂര്യനെ ഒരു തവണ വലം വെക്കാൻ ഗ്രഹം ആയിവർഷത്തിലേറെയെടുക്കുന്നതാണ്. കാരണം, അന്താ രാഷ്ട്ര അസ്ട്രോണമിക്കൽ യുണിയന്റെ (ഐ. എ. യു) മൈനർ പ്ലാനറ്റ് ഇലക്ട്രോണിക് സർക്കുലേറ്ററിൽ ഗ്രഹത്തിന്റെ വിവരണം നൽകിയിട്ടു

# വണ്ടർ വാട്ടർ

സാധാരണ ഊഷ്മ – മർദ്ദ അവസ്തയിൽ ജലം ദ്രവ അവസ്ത യിലായിരിക്കും. പ്രത്യേക മണമോ രുചി യോ ഇല്ല. സുതാര്യമാണ്. ഇത് സാഹചര്യമലുസരിച്ച് അമ്ലമായോ ക്ഷാരമായോ പ്രവർത്തിക്കും. മിക്കവാ റും എല്ലാ വസ്തുക്കളുടെയും ലായകമാണ്.

രണ്ടു ഹൈഡ്രജനും ഒരു ഓക്സിജനും ചേർന്ന ഈ സംയുക്ത ത്തിന്റെ ശരാശരി തന്മാത്ര ഭാരം പതിനെട്ടാണ്. ഇതിൽ ഹൈഡ്രജൻ ആറ്റങ്ങൾ ഓക്സിജനുമായി രാസബന്ധനമുണ്ടാകുന്നതു V ആകൃതി യിലാണ് . ( കോൺ : 104.5 ഡിഗ്രി ) മൂലം ജലത്തിന് ശ്വാശ്വതമായ ഡൈ പോൾ മോമന്റും ധ്രുവത്വവും ഉണ്ടാവും. ഇതു മൂലം പരസ്പരം അയോ ണിക ആകർഷണം കൂടും. അതിന്റെ തിളനിലയും കൂടുന്നു. കൂടാതെ ഹൈഡ്രജൻ ബന്ധനം വഴി തന്മാത്രകൾ ഒരു ത്രിമാന ചങ്ങലയിലെന്ന പോലെ പരസ്പരം ആകർഷിച്ചു നിലയ്ക്കുന്നു. അതിനാൽ വീണ്ടും ക്വഥനാങ്കം കൂടി ജലം ദ്രവാവസ്ഥയിൽ ഭൂമിയിൽ സ്ഥിതി ചെയ്യാൻ ഇടയാക്കുന്നു.

ഈ പ്രതിഭാസങ്ങളില്ലായിരുന്നെങ്കിൽ ഭൂമിയിൽ നിലവിലുള്ളഊഷ് മ, മർദ്ദ അവസ്തയിൽ ജലം വാതകമായി സ്ഥിതി ചെയ്യേണ്ടായിരുന്നു. എങ്കിലോ ? ഭൂമിയിൽ ജീവജാലങ്ങളുണ്ടായിരുന്നില്ല. ഞാനും നിങ്ങളും ഉണ്ടാലുമായിരുന്നില്ല.

# മൂലകോശ ചികിത്സയിൽ മുന്നേറ്റം

# രണ്ട് സ്പൂൺ രക്തത്തിൽ നിന്നും രക്ത ധമനി

ലണ്ടൻ : രണ്ട് സ്പൂൺ രക്തത്തിൽ നിന്ന് ഏഴ് ദിവസത്തിനുള്ളിൽ പുതിയ രക്ത ധമനി നിർമ്മിച്ച് സ്വിഡനിലെ ഒരു സംഘം ഗവേഷകർ ചരിത്രം സൃഷ്ടിച്ചു. ഗോത്തൻ ബർഗ് സർവകലാശാലയ്ക്കു കീഴിലെ സഹൽ ഗ്രാൻസ്ക ആശുപത്രിയിലെ സർജൻ മൈക്കൽ ഒലോസണും ഇന്ത്യൻ വംശജനാ ഡോക്ടർ സുചിത്ര സുമിത്രൻ ഹോഗേഴ്സണും ചേർന്നാണ് പുതിയ രീതിയിലൂടെ മൂലകോശത്തിൽ നിന്ന് രക്ത കുഴലുകൾ വികസിച്ചത്.

ഈ രക്ത ധമനികൾ രണ്ട് കുട്ടികളിൽ വിജയകരമായി വെച്ചു പിടിപ്പിച്ചു. ആമാശയത്തിനും കരളിനുമിടയ്ക്കുള്ള രക്ത ധമനികളാണ്ഇവരിൽ ശാസ്ത്ര ക്രിയയിലൂടെ വെച്ചു പിടിപ്പിച്ചത്. മൂന്ന് വർഷം മുമ്പ് ഇവിടെ തന്നെ ഒരു രോഗിക്ക് അവരുടെ മജ്ജയിൽ നിന്നെടുത്ത മൂലകോശത്തിൽ നിന്ന് നിർമ്മിച്ച രക്ത ധമനികൾ വിജയകരമായി വെച്ചു പിടിപ്പിച്ചിരുന്നു. എന്നാൽ പുതിയ രീതിയനുസരിച്ച് രക്ത ധമനി വികസിപ്പിക്കാൻ മജ്ജയിൽ നിന്ന് മൂലകോശം എടുകകേണ്ടതില്ല. 25 മില്ലി ലിറ്റർ രക്തം (ഏതാണ്ട് രണ്ട് ടേബിൾ സ്പൂൺ) മാത്രമാണ് ഇതിനാവശ്യം. കുട്ടികളുടെ ശരീ-രത്തിൽ ധമനികൾ യഥാവിധം പ്രവർത്തിക്കുന്നുണ്ട്. എബിയോ മെഡിസിൻ എന്ന ജേണലാണ് ഇത് സംബന്ധിച്ച വാർത്ത പ്രസിദ്ധീകരിച്ചത്.

# കാലത്തിനുമപ്പുറം

വാതിൽക്കലാരോ ഒരു പെൺ കിടാവു മാത്രം
 സങ്കടപ്പെട്ടിരിക്കുന്നതിനു കാരണം
 ആരോ പറഞ്ഞു
നിൻ മൊഴി മാത്രം ഒഴിക്കാൻ
ഭക്ഷണമില്ല വസ്ത്രമില്ല
നമ്മുടെ നാട്ടിലെ പ്രളയം വന്ന വഴിയോ
കരയുന്നിതാ പാവം പെൺ കിടാവു
മാത്രം നമ്മുടെ കേരളം ഒലിഞ്ഞു
പോയ കാലം എത്ര ദുരന്തം !
മഴ പെയ്യുന്നു കരച്ചിൽ തുടരുന്നു
കുട്ടികൾക്ക് പഠിക്കാൻ വിദ്യാ
ലയങ്ങളില്ല പുസ്തകമില്ല
പ്രളയം വന്നിട്ടും ദൈവത്തിന്റെ സ്വ
ന്തം നാട് ഒലിച്ചു പോയതില്ല
എല്ലാം നിറഞ്ഞ കേരളം
എല്ലാവരെയും സഹായിക്കുന്ന കേരളം
ഇന്നിനി ആരുണ്ട് കേരളത്തിന്
താങ്ങായി നിൽക്കാൻ

# ആകാശം കരയുന്നു

കേരളത്തെ തകർത്ത പേമാരി
അത് കേരളമൊട്ടാകെയുള്ള പേമാരി
ആളുകളെ നെട്ടോട്ടമോടിച്ച പേമാരി
അത് മഹാ ദുരന്തമാണ് പേമാരി
അത് കള കള വീഴുന്നു കേരളത്തിൽ
ജനങ്ങളെ കരയിപ്പിച്ച പേമാരി
ആകാശം കരയുന്നു കേരളം വിറക്കുന്നു
ജനങ്ങൾ നെട്ടോട്ടമോടുന്നു
കരയുന്നു പറയുന്നു ചൊല്ലുന്നു തിരയുന്നു
കിളികളുടെ സ്വരം മറയുന്നു
ആടിയും ചാടിയും നടന്ന നട വഴികൾ
വെള്ളത്തിൽ മുങ്ങി മറയുന്നു
ദൈവത്തിന്റെ സ്വന്തം നാടായ കേരളം
ആകാശം കരയുന്നത് കൊണ്ട് വിറക്കുന്നു
പറയുന്നതാരോട് ചൊല്ലുന്നതാരോട്
കരയുന്നതാരോട് ഈ കേരളം
പേമാരി വീണ ഈ കേരളം
പേടിച്ച് വിറച്ച ഈ കേരളം
കണ്ണീരു വാഴ്ത്തിയ ഈ കേരളം
നെട്ടോട്ടമോടിയ ഈ കേരളം

# അമ്മയ്ക്കായ്

കേട്ടു ഞാൻ കേട്ടു ...
ആ തോരാ തേങ്ങൽ ഞാൻ കേട്ടു ...
എൻ കരസ്പർഷം എൻ അമ്മയാം
ഭൂമിയെ തളർത്തിയോ
നിൻ താരാട്ടു കേട്ട് വളർന്ന ഞാൻ
ഇന്ന് നിൻ നിലവിളി കേട്ട് മയങ്ങണം
നിൻ മൃദുലമാം മേനി ഞാൻ തഴുകേണ്ടു
എന്നാൽ, നിൻ മൃദുലമാം മേനി ഞാൻ തിന്നുവോ
നിന്നിലെ അമ്മയെ കണ്ടു ഞാൻ
എന്നാൽ, നീ എന്നിലെ ദുഷ്ട പുത്രനെ കണ്ടില്ല
നീ എന്നെ നന്നായി വളർത്തി
എന്നാൽ, ഞാൻ നിന്നെ നന്നായി തളർത്തി
പക്ഷേ,ഞാൻ ഒന്നറിഞ്ഞില്ലാ
ഞാൻ കണ്ടിട്ടും കാണാതെ പോയ നിൻ
മിഴിയിലെ നൊമ്പരം
ആദ്യമായ് കണ്ട മഴയങ്ങും കരഞ്ഞു
നിന്റെ മകനാം ഞാൻ ചെയ്ത ക്രൂരത
നിൻ മറ്റൊരു മകനാം മഴയ്ക്ക് സഹിച്ചില്ല
അവനും അവളും കരഞ്ഞു
പ്രതികാരം തുളുമ്പുന്ന മനസ്സോടെ
സങ്കടം നിറയുന്ന മിഴി കൊണ്ടവൻ കരഞ്ഞു
അവന്റെ സുഹൃത്തായ പുഴയങ്ങ് ഒഴുകി

**പ്രതികാരവും വിങ്ങുന്ന മനസ്സും കൊണ്ടവൻ ഒഴുകി**
**എന്നാൽ, അവരുടെ കൂടെ ഞങ്ങളും ഒഴുകി**
**നാടില്ല, വീടില്ല, ബന്ധുമിത്രാദികളൊന്നുമില്ല**
**ജാതിയില്ല, മതമില്ല, ഒന്നും തന്നെയില്ല**
**ഞങ്ങളുടടെയെല്ലാം ഒത്തു ചേരൽ അമ്മ**
**ആഗ്രഹിച്ചു, പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ**
**എന്ന വേർതിരിവില്ലാതെ**
**ഇന്ന് ഞാൻ ഒന്നറിയുന്നു**
**അമ്മയാം ഭൂമിയുടെ മുന്നിൽ നാമെല്ലാവരും**
**ഒന്നാണ് ഒറ്റക്കെട്ടാണ്**
**അമ്മയ്ക്ക് നാമെല്ലാവരും മക്കളാണ്**

# മഴ വന്നു

മഴ വന്നു മഴ വന്നു
നട്ടിലെങ്ങും പേമാരി പെയ്തിറങ്ങി
മഴ വന്നു മഴ വന്നു
മഴയുടെ കൂടെ ഇടി വന്നു
ഇടി വന്നു മിന്നൽ വന്നു
ക്ലാസ് കഴിഞ്ഞ് കുട്ടികൾ കരഞ്ഞ് വന്നു
കുടയില്ല വടിയില്ല റോഡിലൂടെ
കുട്ടികൾ നനഞ്ഞു വന്നു
മഴ പെയ്യുന്നു പറ പറ
കുട്ടികൾ കരയുന്നു
അമ്മയില്ല അച്ഛനില്ല
ഇടിയുടെ കൂടെ കുട്ടികൾ വരുന്നു
മഴ വന്നു മഴ വന്നു
അതിന്റെ കൂടെ ഡാം തുറന്നു
മഴ വന്നു മഴ വന്നു
അതിന്റെ കൂടെ പ്രളയം വന്നു
മഴ വന്നു മഴ വന്നു
മഴയുടെ കൂടെ ദുരന്തം വന്നു
മഴ വന്നു മഴ വന്നു
മഴയുടെ കൂടെ നാശം വന്നു

# നന്ദി

